(ജി) മേൽ നിയമനങ്ങൾ എല്ലാം കമ്മീഷൻ വ്യവസ്ഥയിലും കരാർ വ്യവസ്ഥയിലും അതാത് സംഘങ്ങളാണ് നടത്തിയിട്ടുള്ളത്.

സംസ്ഥാനത്തുള്ള നീതി സ്റ്റോറുകളുടെ എണ്ണം

123(1026) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പ് സംസ്ഥാനത്ത് എത്ര നീതി സ്റ്റോറുകൾ നടത്തുന്നുണ്ട് ; ഇവയുടെ മൊത്തം വരുമാനം എത്ര ;

(ബി) എത്ര നീതി സ്റ്റോറുകൾ വഴി പാചകവാതകസിലിണ്ടറുകൾ വിതരണം ചെയ്യുന്നുണ്ട് ;

(സി) നീതി സ്റ്റോറുകൾ പാചകവാതകം വാങ്ങുന്നത് ഏതൊക്കെ കമ്പനികളിൽ നിന്നാണ് ;

(ഡി) പുതിയ പാചകവാതക കണക്ഷൻ നൽകുന്നതിന് കാലതാമസം വരുന്നതായുള്ള വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഗ്യാസ് കണക്ഷന് അപേക്ഷിച്ചിട്ടുള്ള എല്ലാ അപേക്ഷകർക്കും കണക്ഷൻ നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സഹകരണ കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ 1020 നീതി സ്റ്റോറുകൾ നടത്തുന്നുണ്ട്. പ്രതിമാസം 12.84 ലക്ഷം രൂപ മൊത്ത വരുമാനമുണ്ട്.

(ബി) 895 നീതി സ്റ്റോറുകൾ.

(സി) (1) ശ്രീശക്തി എൽ.പി.ജി. കമ്പനി, ഹൈദ്രാബാദ് (2) കോൾ ഡി പെട്രോളിയം കമ്പനി, പാലക്കാട്.

(ഡി) ഇല്ല. പുതിയ ഗ്യാസ് കണക്ഷന് അപേക്ഷിച്ചിട്ടുള്ള എല്ലാവർക്കും 'ഫില്ലിംഗ് പെർമിറ്റ്' കിട്ടി പരമാവധി വേഗത്തിൽ ഗ്യാസ് കണക്ഷൻ കൊടുക്കുന്നതിനുള്ള നടപടി കൺസ്യൂമർ ഫെഡറേഷൻ കൈക്കൊണ്ടു വരുന്നു.

സഹകരണവകുപ്പിലെ ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ നികത്താൻ നടപടി

124(1027) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണവകുപ്പിൽ ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ നികത്താത്തത് ഓഡിറ്റിംഗിനെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly